# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2601 — 09.07.2015 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറുകളുടെ എണ്ണമെത്രയായിരുന്നു ; സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ എത്രയായിരുന്നു ; | (ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് ആകെ 878 മാവേലി സ്റ്റോറുകളും, 13 മൊബൈൽ മാവേലി സ്റ്റോറുകളുമാണ് പ്രവർത്തിച്ചു വന്നിരുന്നത്. |
| (സി) സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഉൾപ്പെടെ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ ഉണ്ടെന്ന് അറിയിക്കാമോ ; | (സി) സഞ്ചരിയ്ക്കുന്ന മാവേലി സ്റ്റോറുകൾ ഉൾപ്പെടെ നിലവിൽ 966 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. |
| (ഡി) സബ്സിഡി ഇനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവും ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങളുടെ വിപണനവും മാവേലി സ്റ്റോറുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) ഇല്ല. |
| (ഇ) വിപണനത്തിന് സാധനങ്ങൾ ലഭിക്കാതെയുള്ള മിക്ക മാവേലി സ്റ്റോറുകളുടെയും അവസ്ഥ ജനജീവിതം ദുസ്സഹമാക്കിയിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ? | (ഇ) എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

6